## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 465 20.10.2011-ൽ മറുപടിക്ക്.

## ബജറ്റ് എയർലൈൻസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ.വി.പി. സജീന്ദ്രൻ<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.എം. എ.വാഹിദ് | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എയർപോർട്ടുകളെ ബന്ധപ്പെടുത്തി ബജറ്റ് എയർലൈൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | കേരളത്തിന്റേതായി ഒരു ബഡ്ജറ്റ് എയർ ലൈനിനുവേണ്ടി ബഹു: കേരള മുഖ്യമന്ത്രി ചെയർമാനായി, കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കമ്പനിയുടെ സബ്സിഡിയറിയായി 16.12.2005-ലെ സ.ഉ. (എം.എസ്) നം. 40/ 05/ ഗതാ. പ്രകാരം സർക്കാർ പങ്കാളിത്തത്തോടെ എയർ കേരള ഇന്റർനാഷണൽ സർവ്വീസസ് ലിമിറ്റഡ് എന്ന വിമാനക്കമ്പനി രൂപീകരിച്ചുവെങ്കിലും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ താഴെപ്പറയുന്ന നിബന്ധനകൾക്കുള്ള ഇളവ് ലഭിക്കാത്തതിനാൽ കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.<br>(എ) അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിയ്ക്കുവാൻ കുറഞ്ഞത് അഞ്ച് വർഷത്തെ ആഭ്യന്തര പ്രവർത്തനങ്ങളിലുള്ള പരിചയം;<br>(ബി) കുറഞ്ഞത് 20 വിമാനങ്ങളെങ്കിലും അന്താരാഷ്ട്ര സർവ്വീസുകൾക്കായി വേണം. നിബന്ധനകളിൽ അയവ് നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | ഇതു സംബന്ധിച്ച് സർക്കാർ ഡി.ജി.സി.എ ഉദ്യോഗസ്ഥരുമായി യോഗം വിളിച്ചുചേർത്തിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) & (സി) | ഇല്ല. എന്നാൽ 8.8.2011ന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ, എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ സംസ്ഥാനത്തിലെ മൂന്ന് എയർപോർട്ടുകളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് ATR സർവ്വീസുകൾ എയർ ഇന്ത്യ തുടങ്ങുമെന്ന് ധാരണയായി. ടി സർവ്വീസുകൾ നടത്തുന്നതിനുള്ള സഹായമായി സംസ്ഥാന സർക്കാർ 31.3.2012 വരെ എയർ ഇന്ത്യ സംസ്ഥാനത്തിനകത്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് നടത്തുന്ന ആഭ്യന്തര വിമാനങ്ങളിൽ നിറയ്ക്കുന്ന Aviation Turbine Fuel ലിന്റെ സംസ്ഥാന നികുതി ഒഴിവാക്കിക്കൊണ്ട് 23/8/2011 ന് G.O(P) 112/2011/TD എന്ന ഉത്തരവ് പുറപ്പെടുവിക്കുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് വിമാനത്താവളങ്ങളെ ബന്ധിപ്പിച്ച് ATR സർവ്വീസുകൾ എയർ ഇന്ത്യയോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് തിരുവനന്തപുരം - കോഴിക്കോട്, കോഴിക്കോട് -കൊച്ചി- അഗത്തി, അഗത്തി കോഴിക്കോട് സർവ്വീസ് ആരംഭിച്ചു കഴിഞ്ഞു. |
| (സി) | ബജറ്റ് എയർലൈൻസ് ലാഭകരമായി സർവ്വീസു നടത്തുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ